LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് വാഹന പരിശോധന

225 (3737) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ നിയന്ത്രിക്കുവാൻ മോട്ടോർ വാഹനവകുപ്പ്, പൊലീസ് ട്രോക്കൽ വിഭാഗം, പൊലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം എന്നിവയെ സംയുകതമായി ഉപയോഗിച്ച് ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് വിശദമായ വാഹനപരിശോധന നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പൊലീസ് കൈകാര്യം ചെയ്യുന്ന വാഹന അപകട കേസുകളിൽ വാഹനപരിശോധന റിപ്പോർട്ട് ലഭിക്കുവാൻ കാലതാമസം ഉണ്ടാവുന്നത് ഒഴിവാക്കുന്നതിലേക്കായി പൊലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിലെ ഓട്ടോമൊബൈൽ/ മെക്കാനിക്കൽ ഡിപ്ലോമ നേടിയ എസ്.ഐ./ഇൻസ്പെക്ടർ/ ഡി.വൈ.എസ്.പി. എന്നിവരുടെ കൂടി സേവനം പൊതുജനസൗകര്യാർത്ഥം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന അതിക്രമങ്ങൾ

226 (3738) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടന്ന അതിക്രമങ്ങളുടെ എണ്ണം എത്രവീതമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ എഫ്.ഐ.ആർ സമർപ്പിച്ചവ എത്ര; കുറ്റപത്രം സമർപ്പിച്ചവ എത്ര; വിചാരണ പൂർത്തിയാക്കിയവ എത്ര; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികൾ എത്ര; വിട്ടയക്കപ്പെട്ടവർ എത്ര; അന്വേഷണം പൂർത്തിയാകാത്ത കേസുകൾ എത്ര; അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികൾ എത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളുടെ എണ്ണം 1858
കുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങളുടെ എണ്ണം 378

(ബി) രജിസ്റ്റർ ചെയ്ത കേസുകളിൽ

എഫ്.ഐ.ആർ. സമർപ്പിച്ചവ	2192
കുറ്റപത്രം സമർപ്പിച്ചവ	1168
വിചാരണ പൂർത്തിയാക്കിയവ	64

(സി) ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം 8
വിട്ടയയ്ക്കപ്പെട്ടവരുടെ എണ്ണം 61
അന്വേഷണം പൂർത്തിയാകാത്ത കേസുകളുടെ എണ്ണം 321
അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളുടെ എണ്ണം 291

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങൾ

227 (3739) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച കേസുകളിൽ എഫ് .ഐ. ആർ സമർപ്പിച്ചവ എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) വിചാരണ പൂർത്തിയായി പ്രതികൾ ശിക്ഷിക്കപ്പെട്ട കേസ്സുകൾ എത്രയാണെന്നും ശിക്ഷിക്കപ്പെട്ട പ്രതികൾ എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഇനിയും അന്വേഷണം പൂർത്തിയാകാത്ത കേസ്സുകൾ എത്രയാണെന്നും പിടികൂടാനുള്ള പ്രതികൾ എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കേസ്സുകളിൽ വിചാരണയിൽ വിട്ടയയ്ക്കപ്പെട്ട പ്രതികൾ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 4228 കേസുകളിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ട്. ഇനം തിരിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly